# കിളിവാതിൽ

## e-magazine



## little kites 2020

## gvhss kizhuparamba

# തുടക്കം

ഐ. ടി. ക്ലബ് പ്രവർത്തനങ്ങളുടെ കൂട്ടായ്മയായ

ലിറ്റിൽ കൈറ്റ്സ് രണ്ടാം ബാച്ച് ഈ സ്കൂളിൽ സജീവം.

ഇരുപത്തി ആറ് അംഗങ്ങളാണ് ഞങ്ങൾ.

അഞ്ചാം ക്ളാസ്സ് മുതൽ

ഇവിടെ വിരിയുന്ന പൂക്കളുടെ ഒരു സ്നാപ്പാണ് ഈ ഈമാഗസിൻ.

ക്യാമറക്കണ്ണിൽ പെടാത്ത എത്രയോ പൂക്കൾ!

കൊഴിഞ്ഞു വീണവ!

ഇനിയും വിരിയാൻ മടിക്കുന്നവ.!

കാറ്റിനെ സ്നേഹിച്ച് ആർക്കും പിടി കൊടുക്കാത്തവ...!

അവയെ കണ്ടെത്താൻ

ക്യാൻവാസിൽ പതിയാത്ത ചിത്രം കാണാൻ

**കിളിവാതിൽ** ആശംസിക്കുന്നു..

## Advisory Board



Mr ME Fasal
PTA President



Ms Reena KK
Headmaster



Ms Usha K
Pricipal HSS



Dr Jaya S
Principal VHSE

# Little Kites Members 2019-20

GVHSS KIZHUARAMBA



## Chief editor

**SUPARNA M**

## Editorial board

| |
|---|
| **RIHA FATHIMA .K** |
| **SUPARNA M** |
| **JINCY.Gp** |
| **NIDHA NASHRIN.K** |
| **NAJIMOL T** |
| **NAJA SHERIN.K** |
| **MUHAMMED ANEES M** |
| **VIJINA G P** |

*kite master* IMBICHIMOYI A
*kite mistress* BABY SHABNA P

# കഥ

പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ ഒരു പുരുഷനും സ്ത്രീയും താമസിച്ചിരുന്നു. അവളുടെ ഭർത്താവിന്റെ ജോലി മീൻ പിടുത്തമായിരുന്നു.അന്ന് ഒരു ദിവസം മീൻകാരൻ പുഴയിൽ മീൻ പിടിക്കാൻ പോയപ്പോൾ അയാൾക്ക് കിട്ടിയത് ഒരു സ്വർണ മീനിനെ ആയിരുന്നു. അത് സംസാരിക്കുമായിരുന്നു അതിനെ ആ മീൻ പിടുത്ത-ക്കാരൻ വെറുതെ വിട്ടു. അയാൾ വീട്ടിലേക്ക് പോയി ആ കാര്യം ഭാര്യയോട് പറഞ്ഞു. എനിക്ക് ഒരു മീനിനെ കിട്ടി. അതിനെ ഞാൻ വെറുതെ വിട്ടു. ഇതു കേട്ട ഭാര്യ അയാളോട് ചോദിച്ചു "നിങ്ങൾ എന്തൊരു മണ്ടനാണ് എനിക്ക് കുറെ ആഗ്രഹങ്ങൾ ഉണ്ട് നിങ്ങൾ പോയി എന്റെ ആഗ്രഹം മീനിനോട് പറയണം. അങ്ങനെ കുറെ ആഗ്രഹങ്ങൾ ഉണ്ടായിരുന്നു. റാണി,അങ്ങനെ കുറെ ആഗ്രഹങ്ങൾ അപ്പോൾ ഭർത്താവ് കാണാതെ ഒരു ആഗ്രഹം അവർ പറഞ്ഞു അത് സാധിച്ചു കൊടുതിതു പിന്നെ മീനിനോട് പറഞ്ഞു എനിക്ക് എന്റെ ഭാര്യയെ തിരികെ വേണം.പിന്നെ ഭാര്യ തിരികെ വന്ന് അവർ ആശ്വാസത്തോടെ ജീവിച്ചു

**മർവ്വ ഷെറിൻ,വൈക.കെ**
**5A**

# നല്ല സുഹ്രത്ത്

പണ്ട് പണ്ട് കാട്ടിൽ മുയൽ ഉണ്ടായിരുന്നു. അവൻ ഒരു വഴിയിലൂടെ പോകുന്ന വഴി ഒരു കുരുവിയെ ഒരു വേട്ടക്കാരൻ പിടിക്കുകയായിരുന്നു. അവൻ ഓടിചെന്ന് ആ വേട്ടക്കാരൻെറ കാലിൽ കടിച്ചു. ആ വേട്ടക്കാരൻെറ തോക്കിൻെറ ഉന്നം തെററി.ആ-
പക്ഷിയെ മുയൽ രക്ഷപ്പെടുത്തി.ആ പക്ഷി മുയലിനോട് നന്ദി പറഞ്ഞു. പിന്നീട് അവർ രണ്ട് പേരും കൂട്ടുകാരായി.

# മനസ്സിലെ കിനാവുകൾ



ഓരോ ദിവസവും ഞാൻ മനം കാണുന്നതെന്ത്
മനം കാണുന്നതെന്ത്....
മനസ്സിന്റെ താളങ്ങൾ ഒഴുകി വീഴവെ....
മനം കാണുന്നതെന്ത്...

# കവിത

മരിക്കുന്ന മുൻമ്പേ
എനിക്കുണ്ടു നാഥാ
അവസാനമായൊരു
ആഗ്രഹം മുന്നിൽ
അടുത്തൊരു ജന്മം
എനിക്കായ് തരുമെങ്കിൽ
എനിക്കെൻെറ ഉമ്മാൻെറ മകളാകണം
കരൾ പൊട്ടിയെനിക്കായ്
നിന്നോട് തേടിയ
പ്രിയമുള്ളൊരുപ്പാൻെ മകളാകണം
ഓർമ്മവെച്ചനാൽ തൊട്ടെ
ഇന്നേവരേക്കും
എന്നെയോർത്ത്
കരയാത്ത ദനമില്ലുമ്മാക്ക്
ഈ ജന്മം ഞാനൊന്ന്
നന്നായികാണാൻ
വല്ലാതെ ആശിച്ചൊരു
മനസ്സുണ്ടുപ്പാക്ക്
പകരം കൊടുക്കാൻ
ആയിരം ജന്മം
ഞാൻ തപസ്സിരുന്നാൽ
മതിയാവുകില്ല
ആ പുണ്യകാൽ പാദം
പിടിച്ചൊന്ന് കരയാൻ
ഒരുപാട് വട്ടം ഞാൻ

കൊതിച്ചിരുന്നു
കരൽ പൊട്ടിയെനിക്കായി
നിന്നോട് തേടിയ
പ്രിയമുള്ളൊരുപ്പാൻെറ
മകനാകണം
മരിക്കുന്ന മുമ്പേ
എനിക്കുണ്ട് നാഥാ
അവസാനമായിന്നൊരാഗ്രഹം മന്നിൽ
അടുത്തൊരു ജന്മം
എനിക്കായ് തരുമെങ്കിൽ
എനിക്കെൻെറ
ഉമ്മാൻെറ മകനാകണം

**fathima minha**
**5A**

രശ്മി എൻ.കെ / കവിത

# സാരോപദേശം

കാണരുതാത്തത് കണ്ട്

കേൾക്കരുതാത്തത് കേട്ട്

അറിയരുതാത്തത് അറിഞ്ഞ്

നിങ്ങൾ വെറുതെ വിഷമിക്കുക

കണ്ടില്ലേ അവർ

ഓളങ്ങളുടെ മുകളിൽ

കളിക്കുന്നത് ?

കുട്ടികളെ കുറിച്ച്

ഇന്നുവെക്കേണ്ട

വറുത്തരച്ച മീൻകറിയെക്കുറ്കറി

നാളെ കല്യാണത്തിനുടുക്കേണ്ട

സാരിയെകുറിച്ച്


തലേദിവസം

പെണ്ണുങ്ങളറിയാതെ

പുഴവക്കത്തു കള്ളുമോന്തിയതി

തമാശകളെ കുറിച്ച്

നാളെ നടത്തേണ്ട കുറിവിളിയെ



അങ്ങനെ എന്തെല്ലാം

പറയാനുണ്ട് അവർക്ക് !

അതിനിടയിലാണ്

നീജീവാതത്തിന്റെ  അർത്ഥശൂന്യമായ അന്തർധാരയെക്കുറിച്ച്

വാചാലനാകുന്നത് !

നീയെന്തിനാണ് തിരക ക്കിടയിലെ

അന്ധകാരത്തിലേക്ക്

ഒളിഞ്ഞുനോകുന്നത് ?

മേശകൾകിടയിലെ

കാലുകളെ  നിരീക്ഷികുന്നത് ?ചിരികൾക്കുള്ളിലെ

കരച്ചിലിന് കാതോർക്കുന്നത്?

വിഡ്ഢിയാണ നീ

പരമവിഡ്ഢി.....

കവിത

# പൂവിന്റെ വെമ്പൽ

ഷിയ നസ്റിന് സി എന്

പുലർവേളതൻ പ്രസരിപ്പോടെ
സൂര്യകിരണങ്ങൾ തഴുകും നേരം
പുളകിതമാം മനമോടെ
അങ്കണത്തിൽ വിടർന്നു നിൽക്കും
മലരിനെ ഞാൻ കണ്ടു.
സുന്ദരം സുരഭിലം!
വർണ്ണനകള്ക്കതീതം!
ഭംഗിയാൽ വിടർന്നു നിന്നാപുഷ്പം.

പിന്നീട് ഞാൻ കണ്ടതോ
തണ്ടൊടിഞ്ഞ മലരിനെ.
ഗൃഹാങ്കണത്തിൽ കിടന്നാപുഷ്പം
എന്നോട് മൊഴി മൊഴിഞ്ഞു,
പ്രകൃതിയെ നശിപ്പിക്കും മാനവാ
നിന്നന്ത്യം നിന് ചെയ്തികളാൽ!

# ഇന്നലെ

മിസിരിയ ബാനു

മലകളും പുഴകളും
അരുവികളും പുൽമേട്ടുകളും
ചിരി തൂകി നിൽക്കുന്ന പാടങ്ങളും
അതിനരികിലായി ഒഴുകുന്ന തോടുകളും
അരുവികളും നിറഞ്ഞുനിൽക്കുന്ന
സസ്യ തേജസ്സിനാൽ
പ്രകൃതി എത്രമേൽ സുന്ദരം
മനുഷ്യൻറെ സുകൃതം

# ഇന്ന്

പുഴകൾ എവിടെ
പുൽമേട്ടുകൾ എവിടെ
ചിരി തൂകി നിൽക്കുന്ന പാടം എവിടെ?
അതിനരികിലായി ഒഴുകുന്ന
തോടുകൾ എവിടെ
മലിനമാം അവിടം
മനുഷ്യൻറെവികൃതം

# അമ്മ

പൂജ സി

സ്നേഹ വാത്സല്യത്തിന് തലോടലായ്
മാതൃത്വത്തിൻ പ്രതീകമായ്
പാട്ടിനിടയിലെ താരാട്ടായ്
വാശിക്കിടയിലെ സ്നേഹമായ്
സന്തോഷക്കടലിൽ പുഞ്ചിരിയായ്
നന്മകൾതൻ പ്രതി മായ്
ജ്ഞാനത്തിൻ നിറകുടമായ്
നന്മ-തിന്മ തിരിച്ചറിയവിൻ വാക്കായ്
അമ്മതൻ നിഴലെന്നെന്നുമൊപ്പം
അമ്മതൻ സ്നേഹത്തിൻ മുന്നിലെന്നും
താരകമായി ഞാൻ തിളങ്ങുന്നു.

# കെ ടി ഇർഫാൻ



"കീഴുപറമ്പ് ഗ്രാമ പഞ്ചായത്തിലെ കായിക വിദ്യാഭ്യാസ സംസ്കാരത്തിൻറെ പ്രതീകമായി പുതിയ പ്രതീക്ഷകളേന്തി കുന്നിൻ പുറത്ത് തലയുയർത്തിനിൽക്കുന്ന നമ്മുടെ സ്വന്തം മലാപ്പറമ്പ് സ്കൂൾ..... എൻറെ കായിക പ്രവേശനത്തിന് തുടക്കംകുറിക്കുന്നത് ഇവിടത്തെ ചെറിയ മൈതാനത്തിൽ നിന്നാണ്....."

"കട്ടിമീശയും വടിവൊത്ത ശരീരവും കയ്യിലൊരു വിസിലുമായി കർക്കശക്കാരൻ എന്ന് തോന്നിക്കുന്ന ഒരു വലിയ മനുഷ്യന്റെ കണ്ടെത്തലാണ് ഞാൻ എന്ന നടത്തക്കാരൻ. ആ മീശക്കാരൻ മറ്റാരുമല്ല ഞങ്ങളുടെ സ്വന്തം ജോസ് സാർ. രാവിലെ ഉദയത്തിനുമുമ്പ് ഒരു കട്ടൻ ചായയും കുടിച്ച് മേലാപ്പറമ്പ് കുന്നിന്മുകളിൽ നിന്ന് തുടങ്ങി മുക്കം വരെയുള്ള നടത്തം.. കൂടെ നടന്ന കൂട്ടുകാർ.. പിറകെ നിർദ്ദേശങ്ങളുമായി സാറും.. ഇതെല്ലാം മങ്ങാത്ത ഓർമ്മകളാണ്. ഇന്ന് ലോകോത്തര മത്സരങ്ങളിൽ എനിക്ക് പങ്കെടുക്കുവാൻ ലഭിച്ച ഊർജ്ജത്തിന് ഉറവിടംഈ സ്കൂളാണ്"

## നേട്ടങ്ങൾ ഒറ്റനോട്ടത്തിൽ

2011- അന്തർ സംസ്ഥാന ദേശീയ സീനിയർ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ്-**വെള്ളി**

2011-ദേശീയ ഓപ്പൺ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ് ----------------------**സ്വർണ്ണം**

2012-ഫെഡറേഷൻ കപ്പ്സീനിയർ അത്‌ലററ്ക് ചാമ്പ്യൻഷിപ്പ്----------**സ്വർണ്ണം**

2012-19 ആമത് ലോക നടത്ത മത്സരം ----------------**ലണ്ടൻ ഒളിമ്പിക്സ് യോഗ്യത**

2012-10 ആമത് ലണ്ടൻ ഒളിമ്പിക്സ് യോഗ്യത------------------**ദേശീയ റെക്കോഡ്**

2013- ഐ എ എ എഫ് വേൾഡ് റെയ്സ് വാക്കിങ് ചലഞ്ച് ---**അഞ്ചാം സ്ഥാനം**

2013- ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ്-മോസ്കോ -----------------**പങ്കാളിത്തം**

2017- മാക്സ് ബൂപ നടത്ത മത്സരം ഡൽഹി ----------------------------**സ്വർണ്ണം**

2017-ഏഷ്യൻ റെയ്സ് വാക്കിങ് ചാമ്പ്യൻഷിപ്പ് ജപ്പാൻ---------------- **വെങ്കലം**

2017-23 ആമത് ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ്-ലണ്ടൻ ----------------- -**പങ്കാളിത്തം**

ഒളിംപിക്സിൽ 20 കിലോമീറ്റർ നടത്തത്തിൽ പത്താമതായാണ് ഇർഫാന് ഫിനിഷ് ചെയ്യാൻ കഴിഞ്ഞത്. എന്നാൽ നടത്തത്തിൽ പുതിയ ദേശീയ റെക്കോർഡിടാൻ ഈ പത്താം സ്ഥാനം കൊണ്ട് ഇർഫാന് കഴിഞ്ഞു. ഒരു മണിക്കൂർ 20 മിനിറ്റ് 21 സെക്കന്റ് സമയം കൊണ്ടാണ് ഇർഫാൻ 20 കിലോ മീറ്റർ നടത്തം ഫിനിഷ് ചെയ്തത്. നേരത്തെ ഗുർമീത് സിങ്ങിന്റെ പേരിലുണ്ടായിരുന്ന ദേശീയ റെക്കോർഡാണ് ഇർഫാൻ ലണ്ടനിൽ മറികടന്നിരിക്കുന്നത്. 56 പേർ പങ്കെടുത്ത മത്സരത്തിൽ ചൈനയുടെ ചെൻ ഡിങ് ആണ് ഒന്നാം സ്ഥാനത്ത് നടന്നെത്തി സ്വർണ്ണ മെഡൽ നേടിയത്. ഇർഫാനു പുറമെ മത്സരത്തിൽ പങ്കെടുത്ത ഇന്ത്യൻ താരങ്ങളായ ഗുർമീത് സിങ് മുപ്പത്തി മൂന്നാം സ്ഥാനത്തും ബൽജീന്ദർ സിങ് നാൽപത്തി മൂന്നാം സ്ഥാനത്തുമാണ് ഫിനിഷ് ചെയ്തത്.

കവിത

പവിത്ര എൻ

# എന്തിനീ സൃഷ്ടി

എന്തിനീ ജനനം എന്തിനീ മരണം

ജീവിതം എന്നതോ നഗ്നസത്യം?
സത്യമോ മിഥ്യയോ തിരിച്ചറിയില്ല നാം
പകയാണ് ചതിയാണ് ജീവിതം പോല്!
സ്നേഹിക്കാം ചതിക്കാം നേട്ടത്തിനായ്
സ്നേഹിക്കില്ലൊരിക്കലും ആത്മാർത്ഥമായ്
തിന്മയോരോന്നുമവന്റെ നന്മയാണെന്നാൽ
നന്മയോരോന്നുമവൻറെ തിന്മകളും!




ുകെട്ടുന്നു നാം കളവും കൊലയും കുമിയുന്നഭുവിൽ
മാതാ-പിതാ-ഗുരു ദൈവമെന്നോതി നാം
ചെയ്യുന്നതോ ദൈവനിന്ദ മാത്രം.
അവൻറെ രക്തം കറുത്തതാണു പോൽ
അവൻറെ പുറം വെളുത്തതാണ് പോല്
അവൻറെ യുള്ളം കല്ലാണെന്നാകിലും
അവൻറെ ഹൃദയം ശൂന്യമാണെന്നാലും
ഹേ ഭഗവാൻ! നിനക്കു തെറ്റുപറ്റി
റ്റി- ആറാം പക്കം നീ എന്തിനു സൃഷ്ടിച്ചു മാനവനെ
എന്തിനുവേണ്ടി ഈ സൃഷ്ടി?
തേങ്ങുന്നോരമ്മതൻ നോവിന്റെ ചീളുകൾ
കണ്ടില്ലെന്നാരും നടിക്കരുതേ
ലജ്ജിക്കുന്നു ജനനി...,താഴ്മയായോതുന്നു
**മാപ്പു ചോദിക്കാൻ ഞാനാരാണു തായേ!!**

**കഥ**

# പുഴ യെടുത്ത ബാല്യം

ആളൊഴിഞ്ഞ മണൽത്തിട്ടയിൽ ദൂരെ പാളത്തിലേക്ക് ഇരിക്കുമ്പോൾ അനുവിന്റെ മനസ്സില് കനൽ കൂട്ടങ്ങൾ എരിയുകയായിരുന്നു. എത്രപെട്ടന്നാണ് ഇതെല്ലാം സംഭവിച്ചത്? അവനവൻറെ അച്ഛനമ്മമാരെയും കൊച്ചു വീടിനെയും നഷ്ടമായി .വയ്യ .അതിനെക്കുറിച്ച്ആലോചിക്കാനേ വയ്യ .



അച്ഛനും അമ്മയും അവനും അടങ്ങുന്ന ഒരു സന്തുഷ്ട കുടുംബം ആയിരുന്നു അത്. അച്ഛൻ കൂലിപ്പണിക്കാരൻ ആണെങ്കിലും അത്യാവശ്യം വലിപ്പമുള്ള ഒരു കൊച്ചുവീട് അവർക്കുണ്ടായിരുന്നു .സമീപത്ത് ബേപ്പൂര്പ്പുഴ.അവൻറെ കൊച്ചു വീടിനുള്ളിൽ അവർ മൂവരും സന്തോഷമായി കഴിഞ്ഞിരുന്നു .ഒരു രസം പാതി

രാത്രിയൊക്കെആയിക്കാണും. വെള്ളം അകത്തേക്ക് ചീറിപ്പാഞ്ഞു വന്നു. അന്ന ആ വെള്ളത്തിൽ ഒഴുകി മൽസ്യത്തൊഴിലാളികളുടെ ബോട്ടിൽ ചെന്നുപെട്ടു .അവന് ഇഴഞ്ഞു നീങ്ങി രക്ഷപ്പെട്ടു .പിന്നീട് ഇപ്പോഴാണ് അവൻ വീട്ടു കാണാനും അച്ഛനമ്മമാരെ കാണാനും വരുന്നത്. എന്നാൽ അവിടെ അവന് കാണാൻ സാധിച്ചത് നിലം പരിശായ വീട്ടു മാത്രമാണ്. അതിനുള്ളിൽ നിന്നും അച്ഛനമ്മമാരോടൊപ്പം ഉള്ള അവന്റെ ഫോട്ടോ അവനു കിട്ടി.അവന് അതില് മുഖമമര്ത്തി പൊട്ടിക്കരഞ്ഞു.

# ലോകമേ
# നിന്നെ ഞാൻ
# പ്രണയിക്കും

ഗോപിക പ്രസാദ്

എന്റെ മനസ്സെന്നോടു പറയുന്നു

സൗഹൃദമാണ് പ്രണയം

പക്ഷേ ആ സമൂഹം എന്നോട് മന്ത്രിക്കുന്നു

ആ മന്ത്രത്തിൽ ഞാൻ തകർന്നു പോകുന്നു

ഇപ്പോൾ ഭയമാണ് എനിക്ക്

എങ്കിലും ഈ ഭയമാണ് എന്റെ ആയുധം

ഭയം വികസിച്ച് ഊർജ്ജമായി തീരണം

ആ ഊർജ്ജം ഈ ലോകത്തിന് സന്തോഷം നൽകും

എന്തിനോടുമുള്ള ആ വികാരം ബലഹീനതയല്ല.

മറിച്ച് ആ വികാരത്തെ ബലമാക്കുന്നവൻ

അവനാണ് മനുഷ്യൻ

മരണത്തെ അതിജീവിച്ചവൻ

കവിത

# സൂര്യൻ

ദിൽന മുഹമ്മദ് കെ

പവിഴം മിന്നംപോല് തിളങ്ങിനിൽക്കും

സൂര്യാ,

നിന്നുടെ ചൂടേറ്റ് വളരും പുഷ്പങ്ങളെ

കാണാന് എന്തു ചന്തം!

കാലത്ത് കിഴക്കുദിച്ച്

സന്ധ്യയില് പടിഞ്ഞാറ് കടലിൽ താഴും

സൂര്യാ,

നിന്നുടെ ചൂട്കുറച്ച് എന്നടുക്കല് വന്നാൽ

നിനക്കായി

അസ്സലൊരു സദ്യ നൽകാം ഞാൻ!

നിനക്ക് കൊണ്ടുപോകാനായി സ്വാദ്ദറും

വിഭവങ്ങൾ നൽകാം!

വേനലിൽ ഭൂമിയെ ചൂട്ട പിടിപ്പിക്കുമ്പോൾ

നിന്നോട് ദേഷ്യമല്ലാതെന്തു തോന്നും?

വെളിച്ചമേകം നീ ഇല്ലേൽ

**തമസ്സിലാകം ലോകമാകെ.**

കഥ

# സ്നേഹ നിധി

ഷിഫ എം

ആപ്പിൾ വേണം എന്ന് വാശിപിടിച്ച തന്റെ കുഞ്ഞിന് അമ്മ രണ്ട് ആപ്പിൾ വാങ്ങികൊടുത്തു. രണ്ട് കൈകളിലും ആപ്പിളുമായി സന്തോഷത്തോടെ നിൽക്കുന്ന കുഞ്ഞിനെ നോക്കി അമ്മ വെറുതെ ചോദിച്ചു " ഒരെണ്ണം അമ്മയ്ക്ക് തരുമോ?" കേട്ടപാടെ കുഞ്ഞ് എന്തോ ചിന്തിച്ചു നിന്നു. എന്നിട്ട് വലതുകൈയിലെ ആപ്പിൾ ഒന്ന് കടിച്ചു. ശേഷം ഇടതുകൈയിലെ ആപ്പിളും ഒന്ന് കടിച്ചു. ഇത് കണ്ട അമ്മയ്ക്ക് സങ്കടമായി. ഇപ്പഴേ ഇങ്ങനെ വളർന്നാൽ! ആപ്പിൾ തരാതിരിക്കാനുള്ള സൂത്രം!

പെട്ടെന്ന് അമ്മയെ അത്ഭുതപ്പെടുത്തി, കുഞ്ഞ് ഇടതുകൈയിലെ ആപ്പിൾ നീട്ടി പറഞ്ഞു "ഇത് എടുത്തോളൂ, ഇതിനാണ് മധുരം കൂടുതൽ., അതറിയാനാണ് ഞാൻ കടിച്ചു നോക്കിയത്".

അമ്മ അല്പം പരവശയായി. താൻ നേരത്തെ ഇവനെ പറ്റി മോശമായി വിചാരിച്ചത് വൃഥാവിലായില്ലേ? തൻറെ ചിന്തയെക്കുറിച്ച് ലജ്ജതോന്നി. അമ്മ കുഞ്ഞിനെ മാറോടു ചേർത്തുപിടിച്ച് അവൻറെ നെറികയിൽ ഒരു ചക്കര ഉമ്മ വെച്ചു കൊടുത്തു.

# ചിത്ര ഗാലറി

ഹിഷാം ഖാന് എം എ




ശ്രീനന്ദ കെകെ



# ചിത്ര ഗാലറി

അനാമിക കെ




ഫാത്തിമ റയ്ഹാന കെടി




# ചിത്ര ഗാലറി

ഷിഫ്ന എ




അനാമിക ജ്യോതി വികെ




**ശുഭം**